(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 8.38-ന് നിർത്തി വച്ച സഭ വീണ്ടും 9.38-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ : ഓർഡർ...ഓർഡർ.....

ബഹുമാന്യരായ നിയമസഭാ സാമാജികർ സഭാകവാടത്തിൽ തുടരുന്ന സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കക്ഷിനേതാക്കളുടെ യോഗം ചേരുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ള ആളുകൾ ഈ യോഗത്തിൽ പങ്കെടുത്തു. ചർച്ച വളരെ സൗഹാർദ്ദപരമായിരുന്നു. പ്രശ്നപരിഹാരത്തിനും സമവായത്തിനും പൂർണ്ണമായി സാധിച്ചിട്ടില്ലെങ്കിലും വിഷയത്തിന്റെ വിവിധ വശങ്ങൾ പരസ്പരം ചർച്ച ചെയ്യുകയുണ്ടായി. സഭാനടപടികൾ തടസ്സപ്പെടാതിരിക്കുന്നതിനും സഭാനടപടിക്രമങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനും ഇരുവിഭാഗത്തിന്റെയും സഹായം ചെയർ അഭ്യർത്ഥിക്കുകയും ആ അഭ്യർത്ഥനയോട് ഇരുപക്ഷവും നല്ല നിലയിൽ യോജിക്കുകയും ചെയ്തതായി സഭയെ അറിയിക്കുന്നു. പ്രശ്നങ്ങളിൽ യോജിപ്പും വിയോജിപ്പും ജനാധിപത്യത്തിൽ ഒഴിച്ചുകൂടാനാവാത്തതാണെന്ന് നമുക്ക് എല്ലാവർക്കുമറിയാം. നയങ്ങളിലും അഭിപ്രായവ്യത്യാസങ്ങൾ തുടരും. അത് പ്രകടിപ്പിക്കാനുള്ള വേദിയാണ് സഭ. സഭ നടത്തിക്കൊണ്ടുപോകുന്നത്

ജനാധിപത്യസംവിധാനത്തിന്റെ പ്രാഥമികമായ ഒരു കാര്യമാണ്. എന്നാൽ സഭാനടപടികൾ തടസ്സപ്പെടുത്താതിരിക്കാൻ എല്ലാ സാമാജികരും സഹകരിക്കണമെന്ന് ചെയർ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. സഭയിലെ സമരം അവസാനിപ്പിച്ച് നടപടിക്രമങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാമാജികരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ചോദ്യോത്തരവേള നിർത്തിവച്ച അങ്ങ് കക്ഷി നേതാക്കളുടെ യോഗം വിളിച്ചതിൽ വളരെയേറെ സന്തോഷമുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സഭാനടപടികൾ അനിശ്ചിതമായി തടസ്സപ്പെടുത്തുകയും ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടാതെപോകുകയും ചെയ്യുന്നതിനോട് പ്രതിപക്ഷത്തിന് യോജിപ്പില്ല. കേരളീയ സമൂഹത്തിൽ ഉയർന്നുവന്ന വളരെ കാതലായ ചില പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഞങ്ങൾ ഒരു സമരത്തിലേയ്ക്ക് കടന്നുവരേണ്ട സാഹചര്യമുണ്ടായത്. ഏതായാലും അങ്ങ് വിളിച്ച ചർച്ചയിൽ പല കാര്യങ്ങളും നമ്മൾ ചർച്ച ചെയ്തു. ആ ചർച്ച തുടരും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഞങ്ങൾക്ക് പല കാര്യങ്ങളോടും ഗവൺമെന്റ് നിലപാടുകളോടും അഭിപ്രായ വ്യത്യാസമുണ്ട്. ഏതായാലും അത്

കൂടുതൽ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട ഒരു കാര്യമായതിനാൽ ഇന്നത്തെ സഭാനടപടികൾ ഞങ്ങൾ ബഹിഷ്കരിക്കുകയാണ്. അങ്ങയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്താൻ ഞങ്ങൾ ഇവിടെ നില്ക്കുന്നില്ല. ഇന്നത്തെ സഭാനടപടികളോട് ഞങ്ങൾക്ക് യോജിച്ചു പോകാൻ നിവൃത്തിയില്ല. ഞങ്ങളുടെ എം.എൽ.എ.മാർ നിരാഹാരം കിടക്കുന്ന സാഹചര്യത്തിൽ അതിനോട് യോജിച്ചുപോകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഞാനും യു.ഡി.എഫ്. അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ചോദ്യോത്തരവേള നിർത്തിവച്ച അങ്ങ് കക്ഷി നേതാക്കളുടെ യോഗം വിളിച്ചതിൽ വളരെയേറെ സന്തോഷമുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സഭാനടപടികൾ അനിശ്ചിതമായി തടസ്സപ്പെടുത്തുകയും ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടാതെപോകുകയും ചെയ്യുന്നതിനോട് പ്രതിപക്ഷത്തിന് യോജിപ്പില്ല. കേരളീയ സമൂഹത്തിൽ ഉയർന്നുവന്ന വളരെ

കാതലായ ചില പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഞങ്ങൾ ഒരു സമരത്തിലേയ്ക്ക് കടന്നുവരേണ്ട സാഹചര്യമുണ്ടായത്. ഏതായാലും അങ്ങ് വിളിച്ച ചർച്ചയിൽ പല കാര്യങ്ങളും നമ്മൾ ചർച്ച ചെയ്തു. ആ ചർച്ച തുടരും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഞങ്ങൾക്ക് പല കാര്യങ്ങളോടും ഗവൺമെന്റ് നിലപാടുകളോടും അഭിപ്രായ വ്യത്യാസമുണ്ട്. ഏതായാലും അത് കൂടുതൽ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട ഒരു കാര്യമായതിനാൽ ഇന്നത്തെ സഭാനടപടികൾ ഞങ്ങൾ ബഹിഷ്കരിക്കുകയാണ്. അങ്ങയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്താൻ ഞങ്ങൾ ഇവിടെ നില്ക്കുന്നില്ല. ഇന്നത്തെ സഭാനടപടികളോട് ഞങ്ങൾക്ക് യോജിച്ചു പോകാൻ നിവൃത്തിയില്ല. ഞങ്ങളുടെ എം.എൽ.എ.മാർ നിരാഹാരം കിടക്കുന്ന സാഹചര്യത്തിൽ അതിനോട് യോജിച്ചുപോകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഞാനും യു.ഡി.എഫ്. അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, സത്യാഗ്രഹസമരം അവസാനിപ്പിക്കുവാൻ

ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)